ശ്രീ. എം. ഐ. പോൾ: എറണാകുളത്തു് ഇപ്പോൾ മരുന്നില്ലെന്ന വസ്തുത അറിവുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

കൃഷിചെലവും ഉല്പാദനവും

*൩൭൪. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് സാധാരണയായി എന്തു ചെലവാകും;

(ബി) തിരുവിതാംകൂറിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് എന്തു ചെലവാകും;

(സി) കൊച്ചിയിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഡി) തിരുവിതാംകൂറിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഇ) ഡിസംബറിൽ ബോംബെയിൽ കൂടിയ ഭക്ഷ്യസമ്മേളനത്തിൽ വെച്ചു് തിരുവിതാംകൂർ-കൊച്ചിക്കു് അരികേപാട്ടാ വർധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു് നെൽകൃഷി ചെയ്യുന്നതിനു് ൫൦—൬൦ രൂപാ വരെ ചെലവാകും.

(ബി) തിരുവിതാംകൂറിൽ ഒരേക്കറിനു് ൬൦—൭൫ രൂപാ വരെ ചിലവുവരും.

(സി) ഏകദേശം ൬,൩൫,൦൦൦൦ പറ നെല്ലു്.

(ഡി) ഏകദേശം ൩,൫൮,൦൦൦൦ പറ നെല്ലു്.

(ഇ) ഉണ്ടു്. ൩,൫ ൫൦൦൦ ടൺ ഭക്ഷ്യധാന്യകേപാട്ടാ അനുവദിച്ചിട്ടുണ്ടു്. ഇതു് ൧൯൪൦-ലെ കേപാട്ടയേക്കാൾ ൫ ൫൦൦൦ ടൺ കൂടുതലാണു്.

നെല്ലിന്റെ വില

*൩൭൫. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെല്ലിന്റെ വില വർദ്ധിപ്പിക്കുന്നതിനെപ്പറ്റി തിരുവിതാംകൂർ-കൊച്ചി കേന്ദ്രഗവർമ്മെണ്ടിനു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചു് വില വർദ്ധിപ്പിക്കാൻ അനുവാദം കിട്ടിയോ;

(സി) ഇൻഡ്യാഗവർമ്മെണ്ടിന്റെ അനുവാദം കൂടാതെ നെല്ലിന്റെ വില തിരുവിതാംകൂർ-കൊച്ചി ഗവർമ്മെണ്ടിനു് കൂട്ടാൻ അധികാരമില്ലേ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly